ശ്രീ. വഗീസ് അഗസ്റ്റിൻ : ഉദ്യോഗസ്ഥന്മാരുടെ സ്വന്ത പേരിൽഉള്ള തിന്റെ മാത്രം ലിസ്റ്റ് മതിയോ? അതോ വേറെ പേരിൽ സമ്പാദിച്ചതിന്റെയും ലിസ്റ്റ വേണോ?

ശ്രീ. ടി. കെ. നാരായണപിള്ള : വേറെ പേരിൽ സമ്പാദിച്ചതു് ഇതു സംബന്ധിച്ചുള്ള അവസാനതീരുമാനം ചെയ്യുന്ന അവസരത്തിൽ പരിഗണിക്കേണ്ടതാണു്.

ശ്രീ. സി. വി. ഇയ്യു : ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും മക്കളുടെ ഭാര്യമാരുടേയും പേരിലുള്ള പട്ടികയും ആവശ്യപ്പെടാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഇതു പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഗവണ്മെന്റാണു്.

ശ്രീ. വി. ഗംഗാധരൻ നായർ : മന്ത്രിമാരുടേയും എം. എൽ. എ. മാരുടേയും പേരിലുള്ളതിനും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആവശ്യപ്പെടണമെങ്കിൽ ആവശ്യപ്പെടാം.

List referred to in answer to part (b) of the question

Officers drawing Rs. 100 and more who have not submitted the statements

1. Sri. E. J. Gainnoes, Engineer, Ceramic Factory.
2. Commissioner, Municipal Council, Quilon.
3. Health Officer, do.
4. Commissioner Municipal Council, Kayamkulam.
5. Major P. Susilan, Commandant, Palace Guards.
6. Capt. George Abraham, Staff Officer, do.
7. Lt. N. Padmanabha Pillai, O/C., Garrison Coy., Sudarshan Guards.
8. Lt. L. Nagappan Nayar, Adjt/QM., do.
9. Sub-Major B. K, Menon, Palace Guards.
10. Sri. P. S. Nayar, Veterinary Officer, Body Guard.
11. Sri. N. C. Ramankutty, Secretary, Land Mortgage Bank.
12. Sri. A. Rama Pisharody Accountant, do.
13. Sri. P. R. Karunakaran Nayar, Supervisor do.
14. Sri. I. Arul Joseph, Land Mortgage Bank.
15. Commissioner, Municipal Council, Irinjalakuda.
16. Sri. P. R. Govinda Rao, Overseer, Municipal Council, Mattancherry.
17. Sri. C. Gopalan, Revenue Officer, Mattancherry.
18. Dr. V. K. G. Menon, Office of the Director of Indian Medicines.
19. Sri. M. Mahomed, Superintendent, Stamp Manufactory.
20. Sri. G. Padmanabha Pillai, Storekeeper, Stamp Manufactory.
21. Commissioner, Municipal Council, Neyyattinkara.
22. Sri. C. P. Pothen, Assistant Excise Commissioner, Mavelikara.

ARTICLES EXEMPTED FROM PAYING SALES TAX

*637. [19] **Sri. Eapen Arakkal:** Will the Hon'ble Minister for Finance and Revenue be pleased to state.—

(a) the goods and commodities, if any, which have been specifically exempted from the payment of sales tax after the enactment was passed by the Legislature;

LIBRARY ARCHIVES Kerala Legislative Assembly

(*b*) has any representation been received by the Government praying for the exemption from sales tax of certain articles essential for daily consumption; and

(*c*) if answer to part (*b*) is in the affirmative, what action has been taken in the matter?

Minister for Finance and Revenue (**Sri. A. J. John**):

(*a*) Attention is invited to part A of the notification dated 15th June 1950, published at page 730 of the Government Gazette dated 20th June 1950.

(*b*) Yes; on 3rd October 1950.

(*c*) It is under consideration.

ശ്രീ. ഈപ്പൻ അറയ്ക്കൽ : അശ്രീക്കാംച്ചുറൽ പ്രോഡക്റ്റ്സ് സംബന്ധിച്ചുള്ള വില്പനയിൽ കച്ചവടക്കാർ സെയിൽസ് ടാക്സ് ഈടാക്കിവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ : കൃഷിക്കാർ സെയിൽ ടാക്സ് കൊടുക്കേണ്ട.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കച്ചവടക്കാർ വില്പന നികുതി ഈടാക്കിവരുന്നുഎന്ന് അറിയാമോ എന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : കച്ചവടക്കാർ വാങ്ങിച്ചു വില്ക്കുമ്പോൾ വില്പന നികുതി കൊടുക്കണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഉടമസ്ഥന്മാർ തന്നെ കൊപ്രയായിട്ടോ തേങ്ങയായിട്ടോ വില്ക്കുമ്പോൾ അതിനു കൊടുക്കേണ്ട വിലയിൽ നിന്ന് വില്പനനികുതി കച്ചവടക്കാർ എടുത്തുവരുന്നു എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഈടാക്കുന്നതായി അറിവില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഗവൺമെണ്ടിൽനിന്ന് കൺസെഷൻ റേറ്റിനു വില്ക്കുന്ന വളങ്ങൾക്കു സെയിൽസ് ടാക്സ് ഈടാക്കുന്ന വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഈടാക്കുന്നില്ലെന്നാണ് തോന്നുന്നത്. നല്ല നിശ്ചയമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : അങ്ങനെ ഈടാക്കുന്നുണ്ടെന്നു പറഞ്ഞാൽ അതിനെ മതിയാക്കാൻ എഴുപ്പാട് ചെയ്യാമോ?

ശ്രീ. എ. ജെ. ജാൺ : അതു് ആലോചിക്കാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കച്ചവടക്കാർ ഉടമസ്ഥന്മാർ വില്ക്കുന്ന സാധനങ്ങളുടെ വിലയിൽനിന്നും നികുതി ഈടാക്കുന്നതു് ശിക്ഷാർഹമായ ഒരു സംഗതിയല്ലെ.

ശ്രീ. എ. ജെ. ജാൺ : ഉടമസ്ഥൻ തന്നെ കൊപ്രാകൊണ്ടു പോയി വില്ക്കുകയാണെങ്കിൽ സെയിൽസ് ടാക്സ് കൊടുക്കേണ്ട. മറ്റൊരാൾ തേങ്ങാ വാങ്ങി കൊപ്രായാക്കി വില്ക്കുകയാണെങ്കിൽ സെയിൽസ് ടാക്സ് എടുക്കും. അതാണ് നിയമത്തിലെ വ്യവസ്ഥ.

X-RAY TREATMENTS

638. [20] **Sri. Eapen Arakkal**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) how many machines are there in the General Hospital for deep X-Ray treatment;

(*b*) is it a fact that one of such machines is out of working order at present;

(*c*) if so, how long has this machine been in an unfit condition; and

LIBRARY ARCHIVES Kerala Legislative Assembly